മലയാളത്തിന്റെ പ്രിയ കഥാകാരൻ
**ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്**
നിങ്ങളുമായി സംവദിക്കുന്നു

# ശിഹാബ്ക്കയോട് ചോദിക്കാം

**കേരളത്തിൽ നിന്നാരെങ്കിലും നോബൽ പ്രൈസിനു നാമനിർദേശം ചെയ്യപ്പെട്ടിട്ടുണ്ടോ?**

**നിസ പർവീൻ,**
ഫിനിക്സ് ഇംഗ്ലീഷ് മീഡിയം സ്കൂൾ,
കൊടുങ്ങല്ലൂർ

കമലാദാസ്, കമലാസുറയ്യ എന്നിങ്ങനെ അറിയപ്പെട്ട മാധവിക്കുട്ടിയുടെയൊക്കെ പേർ നിർദേശിക്കപ്പെട്ടതായി കേട്ടിട്ടുണ്ട്. അവരുടെ ഇംഗ്ലീഷ് കവിതകൾ ലോകപ്രശസ്തമാണ്. ബഷീറിനൊക്കെ നോബൽ സമ്മാനം കിട്ടേണ്ടതാണ് എന്ന് വിചാരിക്കുന്ന ആളാണ് ഞാൻ.

**കഥകളെക്കാളും നോവലുകളെക്കാളും അനുഭവക്കുറിപ്പുകളാണ് ഇപ്പോ ആളുകൾ അധികം വായിക്കുന്നതെന്ന് ഞങ്ങളുടെ മാഷ് ഒരിക്കൽ മലയാളം ക്ലാസിൽ പറഞ്ഞു. ശരിയാണോ?**

**ഷിബിൻ അലി,**
എ.എം.യു.എസ്, കടന്നമണ്ണ

നല്ല കഥകൾ നല്ല അനുഭവമായിട്ടാണല്ലോ വായനക്കാർക്ക് തോന്നാറ്. കഥകൾക്ക് അനുഭവസ്പർശം കുറയുന്നതുകൊണ്ടോ എഴുത്തുകാരന്റെ കഥയെ വലിയ വിശ്വാസത്തിലെടുത്തതുകൊണ്ടോ ആയിരിക്കും അങ്ങനെ വരുന്നത്. കഥകൾ കേൾക്കാനുള്ള അതേ താൽപര്യം അനുഭവകഥകൾ കേൾക്കാനും നമുക്കുണ്ട്.



## ശിഹാബ്ക്കയോട് ചോദിക്കാം

നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും ശിഹാബ്ക്കയുമായി പങ്കുവെക്കുക. ക്ലാസ്, സ്കൂൾ, ഫോൺനമ്പർ എന്നിവ ചേർക്കാൻ മറക്കരുത്.

കത്തുകൾ അയക്കേണ്ട വിലാസം:
ശിഹാബ്ക്കയോട് ചോദിക്കാം.
മലർവാടി മാസിക, ഐ.എസ്.ടി ബിൽഡിംഗ്,
വെള്ളിമാടുകുന്ന്, കോഴിക്കോട്-12. കൂടാതെ
malarvadimag@gmail.com
എന്ന ഇമെയിലിലും 8281572448
എന്ന വാട്സാപ് നമ്പറിലും അയക്കാം.

നമ്മുടെ ക്ലാസിക്കലായ പല കൃതികളും അനുഭവം പോലെയാണല്ലോ എഴുതിവെച്ചിരിക്കുന്നത്.

**താങ്കൾ എഴുത്തിന്റെ ലോകത്തേക്ക് വരാനുണ്ടായ പ്രചോദനം എന്തായിരുന്നു?**

**അസ്ന കെ പർവീൻ**
ഇഹ്റ സ്കൂൾ, മലാപറമ്പ്

അടുത്ത ചങ്ങാതിമാരെ കഥകൾ ഉണ്ടാക്കി രസിപ്പിക്കുന്ന ശീലം ചെറുപ്പത്തിലേ ഉണ്ടായിരുന്നു. കുട്ടിക്കാലത്ത് തലയിൽ നെറയെ പേനായിരുന്നു. നല്ല ഇട തിങ്ങിയ മുടിയും. ഉമ്മ എത്ര പിടിച്ചുവെച്ചാലും പേൻ എടുക്കാൻ നിന്നുകൊടുക്കില്ല. അപ്പോൾ ഉമ്മ കഥ പറഞ്ഞുതരും. കഥയുടെ രസത്തിൽ തലയിലെ പേൻ എടുക്കാൻ നിന്നുകൊടുക്കും. ആ കഥകൾ കേട്ടാണ് ഞാൻ കഥയെഴുത്തുകാരനായത് എന്നു പറയാം.



**എഴുത്തുകാർക്ക് ഏറെ വേണ്ടത് അനുഭവമോ, ഭാവനയോ ശിഹാബ്ക്കാ..?**

**അർഷദ്ഖാൻ**
ഐ.ഒ.എച്ച്.എസ്, എടവണ്ണ

രണ്ടും വേണം എന്നാണെനിക്ക് തോന്നാറ്. ഒരു അനുഭവത്തെ നിങ്ങൾ എങ്ങനെയാണ് മനസ്സിൽ എടുക്കുന്നത് എന്നതും പ്രധാനമാണ്. ലോകയുദ്ധത്തിന്റെ അനുഭവമില്ലാതെ ചില എഴുത്തുകാർ ഭംഗിയായി എഴുതിയിട്ടുണ്ട്, അതേപ്പറ്റിയൊക്കെ. ഭാവനയാണെങ്കിലും വായനക്കാരനെ അനുഭവിപ്പിക്കാൻ കഴിയുന്ന കലയാണ് എഴുത്ത്.

**ഒരു എഴുത്തുകാരിയാകണം എന്നാണെന്റെ ആഗ്രഹം. എഴുത്തിന്റെ ലോകത്തേക്ക് കടന്നുവരാൻ ഞങ്ങൾ കുട്ടികൾ എന്താണ് ചെയ്യേണ്ടത് ശിഹാബ്ക്കാ.....**

**ഫാത്വിമാ ജിനാൻ**
ഗവ. ഹൈസ്കൂൾ, കാരപ്പറമ്പ്

വളരെ നല്ല കാര്യം. ഫാത്വിമയുടെ പ്രായത്തിലാണ് ഞാൻ ആദ്യമായി ഒരു കഥ എഴുതിയത്. എന്റെ ജീവിതത്തിൽ സംഭവിച്ച ഒരു കാര്യം കഥയായി എഴുതുകയായിരുന്നു. ആ കഥ പ്രസിദ്ധീകരിക്കാൻ അയച്ചു കൊടുത്തെങ്കിലും വന്നില്ല. ഞാൻ നിരാശനായില്ല. പിന്നെയും പിന്നെയും എഴുതി. ക്രമേണ പത്രാധിപന്മാർ അത് പ്രസിദ്ധീകരിക്കാൻ തുടങ്ങി. വലിയ സന്തോഷമായി. ഇപ്പോൾ പത്രാധിപർ കഥക്കു വേണ്ടി എന്നോട് ആവശ്യപ്പെടുന്നു.

എഴുത്തിൽ ശുദ്ധമായ മനസ്സോടെ സ്ഥിരമായ പ്രയത്നം വേണം. നല്ല വായന വേണം. സ്വന്തമായ ചിന്തയും ഭാവനകളും ശൈലിയുമൊക്കെ സാവകാശം ഉണ്ടാക്കിയെടുക്കണം. പെൺകുട്ടികളിൽ പലരും നന്നായിട്ട് എഴുതുന്നുണ്ട്. പക്ഷേ, ഒരു കുഴപ്പമുണ്ട്. കല്യാണവും കുടുംബവുമൊക്കെ ആവുമ്പോൾ എഴുത്തിലും വായനയിലുമുള്ള ശ്രദ്ധയൊക്കെ വിട്ടുപോകും.

എഴുത്തിലും വായനയിലും കൂടെ നിൽക്കുന്ന ഭർത്താക്കന്മാരാണെങ്കിൽ നിങ്ങളെ മനസ്സിലാക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും. ആരോഗ്യവും ആയുസ്സും ഉള്ള കാലത്തോളം എഴുതണം. നിങ്ങൾക്ക് തോന്നും പോലെ എഴുതണം. എല്ലാ വിജയങ്ങളും നേരുന്നു.